# നിർമ്മിതം

## ഡിജിറ്റൽ മാഗസിൻ 24



ലിറ്റിൽ കൈറ്റ്സ്
എം.എം.ഇ.ടി.എച്ച്.എസ്.എസ്
മേൽമുറി



# നിർമ്മിതം

**ഡിജിറ്റൽ മാഗസിൻ 2024**

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ:

**ഉസ്മാൻ മേനാട്ടിൽ (ഹെഡ്മാസ്റ്റർ)**

സബ് എഡിറ്റർ:

**മുസ്തജിബ്. ഇ.സി (കൈറ്റ് മാസ്റ്റർ)**
**സൗദാബി. പി.എൻ (കൈറ്റ് മിസ്ട്രസ്)**

സ്റ്റുഡന്റ് എഡിറ്റേഴ്സ്

**അഹ്നാഫ്. കെ.പി**
**ജിൻസിയ റഹ്മാൻ**
**മുഹമ്മദ് തൻസീഹ്**
**ഷാമിൽ. കെ.എം**
**സഹ്ന മച്ചിങ്ങൽ**
**ആദിത്യൻ പി അനീഷ്**
**ഫാത്തിമ മുഹമ്മദ്**
**മുഹമ്മദ് അൻഷിഫ്**

**എം.എം.ഇ.ടി.എച്ച്.എസ്.എസ്**
**മേൽമുറി**




# ആമുഖം

**നിർമ്മിത** ബുദ്ധിയുടെ ഈ ആധുനിക കാലത്ത്, സാഹിത്യവും കലയുമെല്ലാം നിർമ്മിത ബുദ്ധിക്ക് വഴി മാറുന്ന കാഴ്ചകൾ നാം കണ്ട് കൊണ്ടിരിക്കുന്നു. കുട്ടികൾ പല കലാസാഹിത്യ രചനകൾക്ക് വേണ്ടിയും ഇത്തരം സങ്കേതങ്ങളെ ആശ്രയിക്കുന്നു. കുട്ടികളുടെ സർഗ്ഗശേഷി നഷ്ടപ്പെടുന്ന ഭാവി സാഹചര്യം അതി വിദൂരമല്ല.

ഇത്തരം നിർമ്മിതബുദ്ധി സങ്കേതങ്ങളെ നാം കലാ-സാഹിത്യ രചനകൾക്ക് വേണ്ടി ഉപയോഗപ്പെടുത്തുമ്പോൾ, കലയിലും സാഹിത്യത്തിലുമുള്ള ആത്മാവും ചിന്താ ശക്തിയും ക്രിയേറ്റിവിറ്റിയും നഷ്ടപ്പെടുന്നതോടൊപ്പം നമ്മുടെ ഓരോരുത്തരുടേയും ഉള്ളിലുള്ള കഴിവും ചിന്തയുമെല്ലാം നഷ്ടപ്പെടുന്നു എന്നതാണ് യാഥാർത്ഥ്യം.

ഈ ഒരു തിരിച്ചറിവിന്റെ പശ്ചാതലത്തിൽ, കുട്ടികൾ സ്വന്തമായി രചനകൾ നടത്തിയ സൃഷ്ടികളെ ഉൾപ്പെടുത്തി ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് **നിർമ്മിതം**



കാലോചിതമായ മാറ്റങ്ങൾ സകല മേഖലകളിലും സംഭവിച്ച് കൊണ്ടിരിക്കുമ്പോൾ, കയ്യെഴുത്ത് മാസികകളിലും ആ മാറ്റം നാം കണ്ടു കൊണ്ടിരിക്കുന്നു. ഇത്തരത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ "നിർമ്മിതം" ഡിജിറ്റൽ മാഗസിന് ആശംസകൾ നേരുന്നു.



മജീദ്. പി.പി
പ്രിൻസിപ്പാൾ



ഉസ്മാൻ മേനാട്ടിൽ
ഹെഡ്മാസ്റ്റർ

ഈ മാഗസിൻ നമ്മുടെ കുട്ടികളുടെ മികവിന്റെ കയ്യൊപ്പാണ്. മനുഷ്യബുദ്ധിയെ മനുഷ്യബുദ്ധിയാൽ നിർമ്മിക്കപ്പെടുന്നു എന്നത് ആശ്ചര്യം തന്നെ. സാങ്കേതിക മികവോടെ എം.എം.ഇ.ടി. ഹൈസ്ക്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ രൂപകൽപന ചെയ്ത ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പുതുകാലത്തെയും പുതുതലമുറയെയും നയിക്കാനും നിയന്ത്രിക്കാനും പോകുന്നത് നിർമ്മിതബുദ്ധിയാണ്. കാലത്തിന്റെ വലിയ മാറ്റത്തിലേക്കുള്ള സൂചനയായി "നിർമ്മിതം" മാറുമെന്നതിൽ സംശയമില്ല. അണിയറ പ്രവർത്തകർക്ക് എല്ലാ ആശംസകളും....



ശംസുദ്ദീൻ മുബാറക്
പി.ടി.എ. പ്രസിഡന്റ്

## താളുകൾ മറിക്കുമ്പോൾ


- ആ വേരുകളുമറ്റു — 6
- സ്വപ്നങ്ങൾ ബാക്കി വെച്ച് യാത്രയായ് — 8
- വർണ്ണക്കുട — 10
- വാനിലുയരേ — 11
- THE ROLE OF STUDENTS AGAINST DRUGS — 12
- കുളിരുണർത്തുന്ന മഴ — 14
- അമ്മ എന്ന അമൂല്യ നിധിയും തിരഞ്ഞ് — 15
- SOUL TO SOUL — 18
- THE VOICE — 19
- THE UNBELIEVABLE CURTAIN — 21
- പെയ്തൊഴിയാതെ — 22
- വിജയം നുകരാൻ — 23
- STEPS TO EVIL — 24
- ഇതളറ്റ പുഷ്പം — 26
- വില മതിക്കാനാവാത്ത അമൃതം — 29
- കരുത്ത് നഷ്ടപ്പെടുന്നു — 31
- മികവുകൾ — 35



# ആ വേരുകളുമറ്റു....

ഫാത്തിമ ലുജൈൻ
10G



ഇന്നത്തെ കാലത്ത് അധികരിച്ച് വന്നുകൊണ്ടിരിക്കുന്ന ഒരു ക്രിയ ആയി മാറിയല്ലോ കൊലകളും കലഹങ്ങളും. ഇതിന്റെയെല്ലാം വേര് ബന്ധങ്ങളിൽ നിന്ന് തന്നെയാണ്. ബന്ധങ്ങൾക്ക് മഹത്വം നൽകുക എന്നത് പ്രധാനമാണ്. എന്നാൽ അതറിയാതെ ജനങ്ങൾ പലതും ചെയ്തു കൂട്ടുന്നു. അച്ഛനമ്മമാരോടൊപ്പം ജീവിക്കുന്ന ആളുകളെക്കാൾ ഇത്തരം അറിവില്ലായ്മ സംഭവിക്കുന്നത് ഭാര്യയും മക്കളുമായി ജീവിക്കുന്നവരിലാണ്

ഏത് പ്രശ്നങ്ങൾക്കും തുടക്കം സംഭവിക്കുന്നത് അവരുടെ വീടുകളിൽ നിന്നാണ്. ഒരാൾ ഒറ്റയ്ക്ക് മാറി താമസിക്കണമെങ്കിൽ ഒരു ജോലിയെങ്കിലും അത്യാവശ്യമാണ്. എന്നാൽ, ഇതിനൊന്നും ശ്രമിക്കാതെ അവർ കടം വാങ്ങിയും ലോണെടുത്തും മാറി താമസിക്കുന്നു. ഇത് പിന്നീട് അവരെ കടുത്ത സമ്മർദ്ദത്തിലാക്കുന്നു. ഇങ്ങനെ പലരും പിന്നീട് മോഷ്ടാക്കളും കൊലയാളികളുമായി മാറുകയാണ് .


ആദ്യം അച്ഛനും ജേഷ്ഠൻമാരും എല്ലാമായി അവർ താമസിക്കുമ്പോൾ വളരെ ശാന്തമായി അവരുടെ വാക്ക് കേട്ട് സമാധാനത്തോടെ ജീവിക്കുന്നു. പിന്നീട് ജേഷ്ഠൻമാർ വീട് മാറുമ്പോൾ അവനും തോന്നുകയാണ് വീട് മാറിയാൽ എന്ത് സമാധാനമായിരിക്കും, അല്ലെങ്കിൽ സ്വത്ത് വിഹിതം വയ്ക്കുമ്പോൾ തർക്കിച്ചു ഭാര്യയുമായി വീട് മാറുന്നു . ഇങ്ങനെ ഇന്നത്തെ കാലത്ത് അണു കുടുംബങ്ങൾ അധികരിച്ചു കൊണ്ടിരിക്കുന്നു.

കൂട്ടുകുടുംബങ്ങൾ പണ്ടത്തെ സമൂഹത്താണ് കൂടുതൽ കണ്ടുവരുന്നത്. ഇന്നത്തെ കാലത്ത് വിരലിലെണ്ണാൻ മാത്രം ആളുകൾ മാത്രമേ അച്ഛനമ്മമാരോടൊപ്പം ജീവിക്കുന്നുള്ളൂ.... അത് പരസ്പര സ്നേഹവും വിശ്വാസവും കൂട്ടുമായിരുന്നു. അച്ഛച്ഛൻ മാർക്കും അമ്മമ്മമാർക്കും അവരുടെ പേര മക്കളെ ലാളിക്കാമായിരുന്നു. മറ്റ് ഏട്ടത്തി അനിയത്തിമാർക്ക് ഒരുമിച്ച് പണിയെടു ക്കാമായിരുന്നു. എല്ലാവർക്കും ഒരുമിച്ച് കഴിക്കാമായിരുന്നു. ഇത് അവരിലെ ബന്ധത്തിന്റെ ആഴം അധികരിക്കാൻ കാരണമായിരുന്നു. മക്കൾക്കും അവരെ കുടുംബത്തെ അടുത്തറിയാമായിരുന്നു. പൊതുവായി ഇപ്പോൾ ഇതെല്ലാം കാണാറില്ല. ഉത്സവ നാളുകളിലോ പെരുന്നാളിനോ മറ്റുമായി ഒതുങ്ങി കൊണ്ടിരിക്കുന്നു. ഇങ്ങനെ സ്നേഹവും വിശ്വാസവും എല്ലാം വളരെ അധികം കുറഞ്ഞു പോകുന്നു. ഫോണിലൂടെ മാത്രമുള്ള ബന്ധം ആയി തീരുകയാണ്.

സോഷ്യൽ മീഡിയ ഉപയോഗം അധികരിച്ചു വരുന്നത് കൊണ്ട് ഉപകാരവും നാശനഷ്ടവും ഒരുപാടുണ്ട്. ഇങ്ങനെ മാറി ഒറ്റക്ക് താമസിക്കുമ്പോൾ സംസാരം കോളിലൂടെയും ചാറ്റിലൂടെയും ആയി മാറി. പേരമക്കൾ അച്ഛനെയും അമ്മമ്മയെയും ആദ്യമായി കാണുന്നത് വീഡിയോ കോളിലൂടെ ആയി. സ്വയം ആഗ്രഹമില്ലാഞ്ഞിട്ടും ഭാര്യയെ നിത്യ പരാതികൾ കാരണം മാറി നിന്നവരും ഏറെയാണ്. ഇനി വിശേഷദിനങ്ങൾ ഒരുമിച്ചു കൂടിയാൽ പോലും ഓരോരുത്തരും സ്വന്തം ഫോണിൽ ശ്രദ്ധ നൽകി. പണ്ട് ഈ ദിനങ്ങളിൽ ഒത്തിരി വിശേഷങ്ങൾ പങ്കുവെച്ച് കുട്ടികളെല്ലാം കളിച്ചു വളരെ രസകരമാക്കിയ നിമിഷങ്ങൾ ഓർമ്മകൾ മാത്രമായി. ഒറ്റയ്ക്ക് മാറി താമസിക്കുന്ന വീടുകൾ കുട്ടികൾ കളിക്കാൻ ഒന്നും പോകാതെ ഗെയിമുകളിൽ മുഴുകി.

ഇപ്പോൾ ഏതെങ്കിലും പരിപാടികൾക്ക് പോവുകയാണെങ്കിൽ കുടുംബക്കാരിൽ നിന്നും വരുന്ന ഒരു സ്ഥിര ചോദ്യവും മാറ്റി. "ഈ കുട്ടി ഇത്ര വലുതായോ"... എന്നത്. പണ്ട് കൂട്ടുകുടുംബവുമായി താമസിക്കു മ്പോൾ ബന്ധുക്കൾക്ക് ആ വീട്ടിൽ വന്നാൽ മതിയായിരുന്നു. അന്നവിടെ ഉത്സവ ദിനം ആയിരുന്നു. ഇതെല്ലാം ഇന്ന് താളുകളിലെ വരികളായി മാറി. കുട്ടികൾക്ക് അവരുടെ കുടുംബങ്ങളെ കൃത്യമായി അറിയില്ല. പണ്ട് "തറവാട്ടിൽ പോവാ" എന്നൊക്കെ കേൾക്കുന്നത് കുട്ടികളിൽ ആകാംക്ഷ ജനിപ്പിക്കുന്നത് ആയിരുന്നു എങ്കിൽ ഇന്ന് അവർക്ക് കേൾക്കുന്നതേ അനിഷ്ടമായി.

പല കുടുംബങ്ങളും വേരറ്റു കൊണ്ടേയിരിക്കുകയാണ്. സോഷ്യൽ മീഡിയ, സ്വത്ത് തർക്കങ്ങൾ എല്ലാം ഇതിലെ പ്രധാന കാരണങ്ങളാണ്. പരസ്പരസ്നേഹം കുറഞ്ഞു കൊണ്ടേയിരിക്കുന്നു, പരസ്പര വിശ്വാസമില്ലായ്മ അധികരിച്ചു കൊണ്ടിരി ക്കുന്നു. വെട്ടുകളും കുത്തുകളും സാധാരണ സംഭവങ്ങൾ ആയിക്കൊണ്ടിരിക്കുന്നു. അതിൽ അണു കുടുംബങ്ങൾക്ക് പ്രാധാന്യം ഏറെയുണ്ട്. കൂട്ടുകുടുംബം ഊഷ്മള സ്നേഹ ബന്ധത്തിന് ഏറെ പങ്കുവഹിക്കുന്നുണ്ട്. കാലം ഇനിയും മാറും സമൂഹം കൂടെ മാറിക്കൊണ്ടിരിക്കും. അനിഷ്ട ചിന്തകൾ മനുഷ്യനെ മാറ്റിക്കൊണ്ടിരിക്കുന്നു. അമ്മയെയും അച്ഛനെയും മക്കളെയും ഭാര്യയെയും തിരിച്ചറിയാൻ കഴിയാത്ത വിധം കണ്ണുകൾ മഞ്ഞളിച്ചു കൊണ്ടിരി ക്കുന്നു. മോബൈൽ ഡിസ്പ്ളേയിൽ മാത്രം നോക്കിക്കണ്ടിരുന്ന അമ്മയെ അവൻ മറന്നുവോ..? സ്വന്തം കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന തിരക്കിലായിരുന്നു അവൻ. കൂട്ടുകുടുംബങ്ങൾ അധികരിച്ച് അണുകുടുംബങ്ങൾ കുറഞ്ഞുവരുന്ന കാലത്തെ സ്വപ്നം കണ്ട് നമുക്ക് ജീവിച്ചിടാം..



# സ്വപ്നങ്ങൾ ബാക്കി വെച്ച് യാത്രയായ്

മുഹമ്മദ് ഹാതിം
10G



ന്യൂയോർക്ക് നഗരത്തിലെ ഒരു സൂര്യാസ്തമയം നോക്കി നിൽക്കുക-യായിരുന്നു ഒരു യുവാവ്. അവൻ തന്റെ സ്വപ്നത്തെക്കുറിച്ച് ആലോചിക്കുക-യായിരുന്നു. അലക്സ് എന്ന പേരുള്ള യുവാവിന്റെ ആഗ്രഹം ഭൂമിയുടെ പുറത്തുള്ള ജീവനെ കണ്ടെത്തുക എന്നതായിരുന്നു. അവന്റെ അമ്മ ഒരു വാനനിരീക്ഷികയായിരുന്നു.

ചെറുപ്പത്തിൽ തന്നെ അവന്റെ അച്ഛൻ മരണപ്പെട്ടു അകാല- കാലത്തിൽ പൊഴിഞ്ഞുപോയ സ്വന്തം ഭർത്താവിനെ ആലോചിച്ച് അമ്മ വിഷാദരോഗിയായി. പക്ഷേ അമ്മയ്ക്ക് എന്നും സാന്ത്വനം പകർന്നിരുന്നത് തന്റെ ടെലസ്കോപ്പ് ആയിരുന്നു. രാത്രികളുടെ ഇരുട്ടിൽ അവർ അനന്തമായ ആകാശം നിരീക്ഷിച്ചു. അവർ നക്ഷത്രത്തിലേക്ക് നോക്കി നിൽക്കുമ്പോൾ അവിടെ തന്റെ ഭർത്താവ് ഉണ്ടാവുമെന്ന് സ്വയം വിശ്വസിച്ചു. ഈ കാഴ്ചകൾ കണ്ടായിരുന്നു അലക്സ് വളർന്നിരുന്നത്. അലക്സ് ചെറുപ്പത്തിൽ തന്നെ തന്റെ ബുദ്ധി തെളിയിച്ചിരുന്നു. അവൻ തന്റെ അമ്മയോട് ചോദിക്കും "അമ്മേ നമ്മുടെ ഈ ഭൂമിക്ക് പുറത്ത് എന്താണ് "
അമ്മ പറയും "അവിടെ അനന്തമായ ലോകമാണ് മകനെ. അവിടെ നക്ഷത്രങ്ങളും ഗ്രഹങ്ങളും പാറകളും എല്ലാം കൊണ്ട് മായാ വിസ്മയമാണ്." മകന്റെ സംശയം തീർന്നില്ല അലക്സ് വീണ്ടും ചോദിച്ചു" അവിടെ നമ്മളെ പോലെയുള്ള ജീവികൾ ഉണ്ടോ"? അമ്മ ചിന്താ കുഴപ്പത്തിലായി അമ്മ പറഞ്ഞു "എനിക്കറിയില്ല മോനെ, നീ തന്നെ അത് കണ്ടുപിടിക്ക്" അമ്മ തമാശയായിട്ട് ആ വാക്ക് പറഞ്ഞതാണെങ്കിലും അവനിൽ എന്തോ ഒരു ചുരുളഴിയാത്ത രഹസ്യം പോലെ നിലനിന്നു. അവൻ അങ്ങനെ ആ ചിന്തയുമായി വളർന്നു.

കോളേജിൽ എല്ലാ സയൻസ് വിഷയങ്ങളിലും വളരെ മുമ്പിലായിരുന്നു അവൻ. അവന്റെ കോളേജ് പഠനത്തിനുശേഷം അവൻ ഒരു തീരുമാനം എടുത്തു. ഭൂമിയുടെ പുറത്തുള്ള ജീവൻ അവൻ തേടും, അവന്റെ ജീവിതകാലം മുഴുവൻ വേണമെങ്കിലും അവൻ അതിനു വേണ്ടി പ്രയത്നിക്കും. അങ്ങനെ അലക്സ് അവന്റെ മേഖല തിരഞ്ഞെടുത്തു.

"ആസ്ട്രോബയോളജി". അവൻ പോലും അറിഞ്ഞില്ല അത് അവന്റെ മഹത്തായ കണ്ടുപിടുത്തത്തിലേക്ക് ഉള്ള കാൽവെപ്പ് ആകുമെന്ന്. അവൻ അങ്ങനെ നാസയിലെ ഒരു ഉയർന്ന ശാസ്ത്രജ്ഞനാവുമെന്ന് സ്വപ്നം കണ്ടു. അവൻ തന്റെ ഐഡിയ അവന്റെ കൂട്ടുകാരെ അറിയിച്ചപ്പോൾ അവർ അവനെ കളിയാക്കി, എന്തിന് സ്വന്തം അമ്മ പോലും ആദ്യം അവനെ കളിയാക്കിയായിരുന്നു.
അവന്റെ ഐഡിയ എന്തായിരുന്നു എന്ന് വെച്ചാൽ ഒരു വലിയ സ്ഥലത്ത് മുഴുവൻ റേഡിയോ ടെലസ്കോപ്പുകൾ സ്ഥാപിക്കുക. എന്നിട്ട് അതിൽ നിന്ന് വരുന്ന അസാധാരണമായ സിഗ്നലുകൾ നിരീക്ഷിക്കുക എന്നതായിരുന്നു. പക്ഷേ അതിന് സാമ്പത്തിക സഹായം വേണം. നാസ ആദ്യമേ തന്നെ ആ ആശയം തള്ളിപ്പറഞ്ഞു. ഇനി ആകെയുള്ള ഒരു പോംവഴി ഒരു സ്വകാര്യ കമ്പനി സ്പോൺസർ ചെയ്യണം എന്നതായിരുന്നു പക്ഷേ അവൻ സന്ദർശിച്ച എല്ലാ കമ്പനിയും അവനെ കൈവിട്ടു. അവർക്ക് ആർക്കും തന്നെ തങ്ങളുടെ പണം ഒരു വിജയം ഉറപ്പില്ലാത്ത ദൗത്യത്തിന് വേണ്ടി ചിലവാക്കാൻ തയ്യാറായിരുന്നില്ല. അവസാനം മരുഭൂമി യിലെ തെളിനീർ എന്നപോലെ "ബ്ലൂ ഓറിയോൺ" എന്ന കമ്പനി സ്പോൺസർ ചെയ്യാൻ സമ്മതിച്ചു. അത് അലക്സിന്റെ ജീവിതത്തിലെ ഏറ്റവും വലിയ വിജയം ആയിരുന്നു.

ടെലസ്കോപ്പുകൾ സ്ഥാപിച്ചു. പക്ഷേ അതിൽ നിന്ന് ഒരു അസാധാരണ സിഗ്നൽ പോലും വന്നില്ല. മാസങ്ങൾ കഴിഞ്ഞു വർഷങ്ങൾ കഴിഞ്ഞു... ഒന്നുപോലും വന്നില്ല. കളിയാക്കലുകൾ ഉയർന്നു വന്നു. അലക്സിന്റെ ജീവിതം അസ്സഹനീയമായി. "ബ്ലൂ ഓറിയോൺ " കമ്പനി തന്റെ സ്പോൺസർഷിപ്പ് ഒഴിവാക്കുകയാണ് എന്ന് പ്രഖ്യാപിച്ചു. എല്ലാം കൊണ്ടും അവന്റെ ജീവിതം അവനെ മടുത്തു തുടങ്ങി. അവസാനം അവൻ ആ തീരുമാനമെടുത്തു. അവൻ തന്റെ കൈയിൽ കയറുമായി അങ്ങോട്ടേക്ക് പോയി. ആ ഭീകരമായ ടെലസ്കോപ്പുകൾ കണ്ണോടിച്ചുകൊണ്ട് അവൻ അതിലെ ഒന്നിൽ തന്റെ കയർ കുടുക്കി. അവന്റെ എല്ലാ സ്വപ്നങ്ങളും അവൻ ആലോചിച്ചു. അവന് സങ്കടം അടക്കാൻ കഴിഞ്ഞില്ല. കരഞ്ഞുകൊണ്ട് അവൻ കയർ തന്റെ കഴുത്തിൽ കുരുക്കി. അയാൾ വേദന കൊണ്ട് പുളയാൻ തുടങ്ങി. അങ്ങനെ തന്റെ സ്വപ്നങ്ങൾ ബാക്കിവെച്ച് അയാൾ യാത്രയായി.

അപ്പോഴാണ് അസാധാരണമായ സംഭവം നടന്നത്. ആ റേഡിയോ ടെലസ്കോപ്പുകൾ ഒരു അസാധാരണമായ സിഗ്നൽ കണ്ടെത്തി. ശാസ്ത്ര ലോകം അത് പതിനായിരം കോടി പ്രകാശ വർഷങ്ങൾക്കപ്പുറം സ്ഥിതി ചെയ്യുന്ന ഏലിയൻ സമൂഹത്തിൽ നിന്നാണെന്ന് കണ്ടെത്തി. അവർ ആ സിഗ്നലിന് ഒരു പേര് നൽകി അലക്സ് സിഗ്നൽ.....



# വർണ്ണക്കുട



ശിഫ ഫാത്തിമ
5G







പള്ളിക്കൂടം തുറന്നല്ലോ....
മഴത്തുള്ളികളും
വന്നെത്തിയല്ലോ....
മഴവില്ലും കൂടെയെത്തിയല്ലോ....
സന്തോഷപ്പൂത്തിരി കത്തിയല്ലോ....

വെള്ളത്തിൽ നീന്തിക്കളിക്കാൻ.... കൊച്ചുമീനുകളും
വന്നെത്തിയല്ലോ....
ആമ്പൽപ്പൂക്കൾ വിരിഞ്ഞപോലെ....
കുടയും ചൂടി വരുന്ന ഞങ്ങൾ....

ഇടിമിന്നലുമെല്ലാം വന്നപ്പോഴും....
ഞങ്ങൾ മഴയത്തു കളിച്ചു....
പലവർണശോഭയിലാടി-
പ്പാടി മാരിവില്ലു വന്നു ....

പലവർണത്തോണിലിറക്കി....
ഞങ്ങൾ മഴ വെള്ളത്തിൽ കളിച്ചു ....
പെയ്തൊഴിയാത്ത മാരിയിൽ....
ഞങ്ങൾ ആടിയു പാടിയും രസിച്ചു....

കുളിരുകോരുന്ന തണുപ്പിൽ....
മൂടിപ്പുതച്ചുകിടന്നു ഞങ്ങൾ....
ജനാലയിലൂടെ പുറത്തേക്കു
കണ്ടു മിഴിവാർന്ന കാഴ്ച....

ഇടിയുടെ ഘോരശബ്ദങ്ങൾ....
കേട്ടു ഭയന്നു ഞങ്ങൾ....
വസ്ത്രമാകെ നനഞ്ഞു....
കുതിർന്നു ഒട്ടിപ്പിടിച്ച്കിടന്നു....

പച്ചപ്പട്ടുടുത്ത പാടം....
വെള്ളത്തിൽ മുങ്ങി പോയല്ലോ....
പല വർണ്ണപ്പൂക്കൾ വിരിഞ്ഞ പോലെ
കുടകൾ എല്ലാം വിടർന്നു നിന്നു....
ഒരിക്കലും മറക്കുകയില്ല ഞാൻ....
പെയ്തൊഴിയാത്ത ആ മാരിയെ

# വാനിലുയരേ....



ഫാത്തിമ മെഹ്ബിൻ.കെ.പി
9H



ചങ്ങലകളേ നിങ്ങൾക്കു സ്വസ്ഥം
എൻ സ്വതന്ത്ര സ്വപ്നമിതാ എൻ മുന്നിൽ
എൻ ലക്ഷ്യമിതാ എന്നെ കൈമാടി വിളിക്കുന്നു
അതിനെ പുണരാനായ്...
ഇനിയുമെന്തിന് തളരണം
ഞാൻ പറക്കാനൊരുങ്ങുന്നു,
എൻ ലക്ഷ്യ ലോകത്തേക്ക്
ചെറു ചിറകടിച്ചുയരുകയാണ്-
ജീവിതത്തെ ചുംബിക്കാനായ്
പറന്ന് പറന്ന് പോകാം
ചെറുചിറകടിച്ചുയരാം വാനിലുയരുവോളം
എൻ കൺപീലി ഞാൻ തുറക്കുകയാണ്
എൻ സ്വപ്ന ലോകം കാണാനായ്
എൻ അധരങ്ങൾ ഞാൻ അനക്കുകയാണ്
എന്നിലണിയിച്ച ചങ്ങലകൾക്കെതിരെ...
ചോരക്കറമായാത്ത കൈകൾക്ക് ചുറ്റും
കാണുന്നതൊക്കെയും തീപൊരിതൻ വെട്ടം
പരിഹാസങ്ങളെയും കത്തിജ്വലിക്കുന്ന
പരദൂഷണങ്ങളെയും കീറി മുറിച്ചു കൊണ്ട്
എൻ ചിറകിന് ഞാൻ ശക്തിയേകുന്നു
വാനിലുയരുവോളം ഞാൻ കത്തിജ്വലിക്കുന്നു-
തീപന്തം പോലെ ഉയർന്നുകൊണ്ടേയിരിക്കും
എൻ ചിറക് വിശ്രമ രഹിതമായി അടിക്കും
പരിഹാസങ്ങളുടെയും തളർത്തലുകളുടെയും -
ഈ ലോകം ഒരു നാൾ
എന്നെ ആദരവോടെ അംഗീകരിക്കും
എൻ സ്വപ്ന ചിറകുമായി ഞാൻ ഉയരും
ഒരു ഫീനിക്സ് പക്ഷിയെ പോലെ
ഈ ലോകത്തിന് ഞാനെന്തെന്ന്
കാണിക്കാനുള്ള തീജ്വാല എൻ മനസ്സിൽ
ആളികത്തും
ഉയർന്നു പറക്കാനും, സ്വപ്നങ്ങളെ -
കൈവരിക്കാനുമുള്ള പാഠം നമ്മെ -
ഔപചാരികമായി പഠിപ്പിച്ച വാനത്തെ
ഞാൻ എന്റെ മനസ്സിലേകുന്നു.
'വാനിലുയരേ'...!!



# THE ROLE OF STUDENTS AGAINST DRUGS

**Fathima**
**8G**

In the early times people went behind drugs but nowadays drugs go behind people and trapping people. Now drugs come in different disguise like candy or anything else. These drug candies or str aight drugs are more in the area of schools. Therefore students should always be careful.




Whenever we check the news or newspaper we can at least find one or more news about drugs. Mo st of them are about students using drugs. Drugs get touch in with students through many ways. For example I said candy or other people mostly teenagers or even through our friends.

To stop this you might also want to stop buying food stuff from small stores or near the school. You should also not allow strangers to talk to you or shouldn't take anything they give to you. Students nowadays don't thin k much about this. That is the reason for students to get involved in drug cases.

In my opinion students should be more careful nowadays. Students should have a mind that is against drugs. Many schools have students using drugs, when they are caught their future might not be so bright. Most of the time students that we think, that would make a bright future for themselves, might be the one involved in these cases. So we should be aware of everyone.

The role of students against drugs, is like I said before, to have a mind that drugs are addictive but dangerous. They should also

know the drugs come to our hands like heaven but takes us to hell. They might even ruin outlives forever! students have the right to say no to anything don't want. In this case they should be determined to say no at any cases. We should look out for this dangerous thing. If we ever get involved in this even accidently, there is no way of getting out. If we ever get in touch with someone that uses this thing they will slowly invite us to this trap. They will be able to get out of this case easily by blaming all of this on us.

Students should know that this thing is very attractive to our mind and body. It will attack us mentally and physically. So we should be prepared to stop it. Many parents are sad and suffering because of their kids. They took care of the child, loved him/her did everything that they could give to the child and then it will all ends with the child betraying them. These drug cases lead to suicide and many dangerous activities like the case were. Three teenagers killed a hotel owner and deposited his body in 'attapadi churam' . They know that place because they went to that place to use drugs. Only one person might do that but the people that were with the person would also get into trouble.

Like I told drug attack Us mentally and physically mentally means this might lead us to depression, anxiety or any other mental problems. Because of this mental problems families are breaking apart. Physically means, it would make our body weak. It would also make internal damages in our body. Therefore we students should ,always be prepared mentally and physically to protest and fight against this in case it comes in our way.

Students, please be motivated that bad times will come and some drugs are not the solution. Now people use this because of depression also. So stay motivated and always the prepared.





ഹിസ സൽമ
5G

# കുളിരുണർത്തുന്ന മഴ

കുളിരുണർത്തുന്നു.... മഴ നനയുന്നു...
ഇടിയുടെ ശബ്ദം കുടുകുടാ വെട്ടുന്നു....
കരിമുകിൽതൻ മിഴി നനഞ്ഞതെപ്പോ.....
മരുതൻ വീശി വന്നതെപ്പോ...
ആരും അറിയാത്ത മിന്നൽ വന്നതെപ്പോ..
അങ്ങിടി വെട്ടിച്ചു ഇങ്ങ് ക്രൂൺ മുളച്ചതെപ്പോ...
മലയുടെ മേൽ തങ്ങാതെ
എങ്ങും വഴി തെറ്റാതെ...
എന്നെ കുളിരുണർത്തിയ മഴയോ..
മാമ്പഴ  ചില്ലയിൽ കാത്തുനിൽക്കുന്ന
കുഞ്ഞിലക്കെന്തൊരുണർവ്..
പൂമൊട്ടുമായി നിന്നെ വരവേൽക്കുന്ന
മാല്ലികക്കെന്തൊരു ചന്തം...
നിൻ താളത്തിൽ പാടുന്ന കുരുവിക്കെന്തൊരു ഈണം....
പള്ളിക്കൂടത്തിലെത്തും മുമ്പേ
കുളിക്കാതെയെന്നെ കുളിപ്പിച്ച മഴയെ....
എൻ മുറ്റത്തെ വെള്ളിത്തിലൊരു വള്ളം....
ആ വള്ളമെടുത്ത് തുഴഞ്ഞൊരുറുമ്പ്...
പള്ളിക്രൂടത്തിൽ പോകാതെ കുടയുമ്പിടിച്ചു
മഴ ആസ്വദിക്കുന്നു എന്നനിയൻ...
കുളിരണിയുന്ന ഞാനും....
എല്ലാം ഒത്തൊരുമിച്ച നിൽപ്പാ....
ക്രൂടില്ലാതെ അലഞ്ഞു നിൽപ്പുള്ള പൂച്ചയെ
തോണി കയറ്റിയ അനിയൻ....
കുളിരുണർത്തിയ മഴയെ..
യെന്റെ മഴയെ....



# അമ്മ എന്ന അമൂല്യ നിധിയും തിരഞ്ഞ്....



നൈല നസ്‌ലിൻ
7G

ഇത് ഒരു യാത്രയാണ്. ഒരു തിരച്ചിലിന് വേണ്ടിയുള്ള യാത്ര... ഒരു നിധിയും തിരഞ്ഞ്..

ഒരു കൊച്ചു പട്ടണത്തിൽ..... ഒരു അനാഥാലയത്തിൽ ഒരു കൊച്ചു പെൺകുട്ടി. പേര് ദിയ. അത് അവളുടെ അനാഥാലയത്തിലെ മാഡം വിളിക്കുന്ന



പേരാണ്. അവളുടെ യഥാർത്ഥ പേര് അവൾക്ക് തന്നെ അറിഞ്ഞുകൂടാ. കാരണം കുഞ്ഞായിരുന്നപ്പോൾ തന്നെ അവൾ കാണുന്നത് ഒരു അനാഥാലയവും അവിടെയുള്ള കുട്ടികളും. അവിടെ യായിരുന്നു അവളുടെ ലോകം.

അന്ന് അവൾക്ക് ഒന്നര വയസ്സായിരുന്നു പ്രായം ഇപ്പോൾ ഏകദേശം 10 വയസ്സ് കാണും. ഒരു സുന്ദരി കുട്ടി. അവിടത്തെ ആന്റിക്ക് (മാഡത്തിന് ) അവളെ വലിയ കാര്യമായിരുന്നു. അവർക്ക് മക്കൾ ഇല്ലായിരുന്നു. ഏറിയാൽ 40 വയസ്സ് തോന്നിക്കുന്ന ഒരു സ്ത്രീ. അവൾക്ക് ഒരേയൊരു ഓർമ്മയെ ഉള്ളു. രണ്ടു പേർ തന്നെ ഇവിടം കൊണ്ട് വിടുന്നു. അവൾക്ക് അവളുടെ അനാഥാലയവും അതിലുള്ള ജീവിതവും തൃപ്തിയുള്ള തായിരുന്നു. മറ്റു കുട്ടികളെ പോലെ വാശിയോ ഒന്നും ഇല്ലാത്ത പാവം കുട്ടി.

ഒരു ദിവസം പെട്ടന്ന് അവൾ അവളുടെ അമ്മയെ ആലോചിച്ച് പെട്ടെന്ന് കരയാൻ തുടങ്ങി. മാഡം അവളുടെ അടുത്ത് ചെന്ന് കാര്യങ്ങൾ അന്വേഷിച്ചു. "ദിയാ എന്ത് പറ്റി. ഇത് വരെ നിന്നെ ഇങ്ങനെ കണ്ടിട്ടില്ലല്ലോ". മാഡം അവളോട് ചോദിച്ചു. ദിയ തിരിച്ചു ചോദിച്ചു. "ആരാ ആന്റി എന്നെ ഇവിടേക്ക് ആക്കിയത്. ഞാൻ പഠിക്കുന്ന സ്കൂളിലോക്കെ ഓരോരുത്തർക്കും ഓരോ അമ്മയുണ്ടല്ലോ. പക്ഷെ ഇവിടെ ആർക്കും അമ്മയില്ല". ഇത് കേട്ട് മാഡം ഞെട്ടിപ്പോയി. "നിനക്ക് ഞാനില്ലേ . അല്ല ദിയ തട്ടിക്കയറി. "എനിക്കും ഓർമയുണ്ട് ". എന്തുപറ്റി ദിയ ". എന്താ നീ ഇങ്ങനെ ". മാഡം വീണ്ടും ചോദിച്ചു. പക്ഷെ അവൾ ഇത്രമാത്രം പറഞ്ഞു "ഞാൻ തിരയും എന്റെ അമ്മയെ.......". ഇതും പറഞ്ഞു കണ്ണും തുടച്ച് അവൾ ഇറങ്ങിപ്പോയി. അവളിലെ മാറ്റം കണ്ട് കൂടെയുണ്ടായിരുന്ന ആന്റി പറഞ്ഞു. "തലേന്ന് PTA മീറ്റിംഗ് ഇല്ലായിരുന്നോ അതാവും ".

മാഡം ഒരു നെടുവീർപ്പിട്ടു അവിടന്ന് ഇറങ്ങിപ്പോയി. തലേദിവസം അവൾ പഠിക്കുന്ന സ്കൂളിൽ രക്ഷിതാക്കളുടെ മീറ്റിംഗ് ഉണ്ടായിരുന്നു. ഓർഫൻസിന്റെ മീറ്റിംഗിൽ മാഡവും ആന്റിയുമാണ് പോയത്. ദിയ ആന്റിയെ നിസ എന്നാണ് വിളിക്കാറുള്ളത്. അതാണ് അവർക്കും ഇഷ്ടം. ദിയക്ക് പൊതുവെ വാശിക്കുറവാണ്. പെട്ടന്നുള്ള മാറ്റം അവരെ ഒന്നടങ്കം അമ്പരപ്പിച്ചു.

നിസയോട് സാറ ആന്റി വന്ന് ഒരു കാര്യം പറഞ്ഞു
"അവളുടെ കൂട്ടുകാരിയുണ്ട്, ഏന്മരി, അവളുടെ അമ്മയും അച്ഛനും വന്നിരുന്നു. അതാവും ". അവരും പറഞ്ഞു "ആവും".

അടുത്ത ദിവസം ദിയ അവളുടെ റൂമിൽ നിന്നും അലറുന്നത് കേട്ട് എല്ലാവരും അവിടേക്ക് ഓടി."എന്റെ ഡ്രസ്സ് എവിടെ?" "ശ്ശോ..... എന്റെ ബാഗെവിടെ?...". മാഡം അവളോട് ചോദിച്ചു."എന്തുപറ്റി " അവൾ പറഞ്ഞു. "ഞാൻ പോകുവാ...."അവൾ ഒന്നടങ്ങിക്കൊണ്ട് പറഞ്ഞു. അവിടെ അവൾക്ക് ആകെ പേടി മാടത്തിനെയാണ്. അവരെ ആണ് അവൾക്ക് കൂടുതൽ ഇഷ്ടവും. അവർ ചോദിച്ചു "എങ്ങോട്ട്?". അമ്മേടെ അടുത്തേക്ക് ". അവൾ പറഞ്ഞു."എങ്ങനെ അവർ വീണ്ടും ചോദിച്ചു " അത് അറിയില്ല ". അവളുടെ മറുപടി.

നിസ ആന്റിക്ക് സങ്കടം വന്നു. ഈ കുട്ടിക്കിതെന്തു പറ്റി എന്നാണ് അവരെല്ലാവരും വിചാരിക്കുന്നത്. അവർ സഹതാപത്തോടെ ചോദിച്ചു " എന്താ ഇത്ര പെട്ടെന്ന്....! ഇന്നുകൂടി ഇവിടെ തങ്ങിക്കൂടെ ". ഇത് കേട്ട് അവൾക്കും സങ്കടം തോന്നി. താൻ ഇത്ര അലറിയിട്ടും, ഇത്ര ദേഷ്യപ്പെട്ടിട്ടും ഇവർക്ക് തന്നോട് ദേഷ്യമില്ലല്ലോ എന്ന് ഓർത്ത്. അങ്ങനെ അവർക്കു വേണ്ടി അവൾ അവിടെ ആ ദിവസവും തങ്ങി. അവർ എല്ലാവരും, കുട്ടികളും ആന്റിമാരും കുറെ വിലക്കാൻ ശ്രമിച്ചു. അവളുടെ തീരുമാനം ഉറച്ചതായിരുന്നു. മാഡം ഇതെല്ലാം കണ്ട് ആകെ സങ്കടത്തിൽ ആയിരുന്നു. പക്ഷെ ഇതുവരെക്കുള്ള കാലയളവിൽ ഇപ്പോഴാണ്



അവർ ആദ്യമായി ഒരു കാര്യത്തിന് വേണ്ടി വാശി പിടിക്കുന്നതും അതുകൊണ്ട് അവളെ തടയാൻ അവർക്ക് കഴിഞ്ഞില്ല. അങ്ങനെ പിറ്റേ ദിവസം എല്ലാരോടും യാത്ര പറഞ്ഞ് അവൾ ആ 10 വയസ്സുകാരി യാത്രയായി.

റെയിൽവേ സ്റ്റേഷൻ വരെ സാറ ആന്റി കൂടെയുണ്ടായിരുന്നു. അവൾക്ക്

പോകാനുള്ള ടിക്കറ്റും അവർ ഒരുക്കി- യിരുന്നു.

അങ്ങനെ അവൾ യാത്രയായി.

ഉള്ളിൽ സങ്കടങ്ങൾ അമർത്തിപ്പിടിച്ച്........ അവൾ പോയ ശേഷം മാഡം അവളുടെ റൂം തിരയാൻ തുടങ്ങി. മാടത്തിന്റെ മാറ്റം കണ്ട് സാറ അടുത്ത് ചെന്നു. അവർ തിരയുകയായിരുന്നു. ഒരു കത്ത് അത് ദിയക്ക് അമ്മയെയോ അല്ലെങ്കിൽ പഴയ വല്ലതും ഓർമ വന്നാൽ കൊടുക്കുക എന്ന് പറഞ്ഞ് കൊടുത്തയച്ചതായിരുന്നു. ആ കത്ത് അവിടെ കാണുന്നില്ല. അതെ...... അത് അവൾ എടുത്തിട്ടുണ്ട്. മാഡം അത് ആ റൂമിൽ മേശയിൽ സൂക്ഷിച്ചിരുന്നു. റൂം വൃത്തിയാക്കുന്ന സമയത്ത് കണ്ടതാകം. അവളുടെ മാറ്റത്തിന്റെ കാരണം പിടികിട്ടിക്കഴിഞ്ഞു. മാഡം ആകെ അമ്പരന്നുപോയി. ആകെ അവർക്കുള്ള ആശ്വാസം കത്താണ്. അതിലെല്ലാം എഴുതിയിട്ടുണ്ടായിരുന്നു.

ദിയ ഇപ്പോൾ ഒരു വലിയ പട്ടണത്തിൽ ആണ്. നല്ല തിരക്കുള്ള സ്ഥലം. തീവണ്ടിയിൽ വച്ച് അവൾക്ക് ഒരു കൂട്ടുകാരനെ കിട്ടിയിരുന്നു. അവന്റെ അമ്മയും കൂടെ ഉണ്ടായിരുന്നു. അവർക്ക് അവൾ കഴിഞ്ഞ കഥകൾ എല്ലാം പറഞ്ഞ് കൊടുത്തു. അവർ അവളെ സഹായിക്കാം എന്ന് സമ്മതിച്ചു. കിട്ടിയ അഡ്രസ്സിലേക്ക് തന്നെയാണ് അവരും പോകുന്നത്. അത് അവൾക്ക് വലിയ ആശ്വാസമായി. അവരുടെ ഫോണിൽ നിന്നും അപ്പപ്പോൾ ഉള്ള വിവരങ്ങൾ അവൾ ആന്റിമാർക്ക് കൈമാറുന്നുണ്ടായിരുന്നു. അങ്ങനെ അവർ യാത്ര തുടർന്നു. അപകടമല്ലാത്ത രീതിയിൽ ദിയ എന്ന ആ പത്ത് വയസുകാരി...

അമ്മയെന്ന അമൂല്യ നിധിയെ തേടി നടന്നു. അമ്മയുടെ സ്നേഹം എന്താണ് എന്നവൾ പഠിച്ചത് മാഡത്തിന്റെ അടുത്ത് നിന്നായിരുന്നു. അതുകൊണ്ട് തന്നെ അവൾക്ക് ഒട്ടും പേടിയില്ലായിരുന്നു. എപ്പോഴും അവൾ മാഡത്തിനെ കുറിച്ച് ഓർക്കും. പേടി വരുമ്പോഴും അവൾ അവരെ ഓർക്കും. അത് അവൾക്ക് ആശ്വാസമാകും ദിയ എന്ന പത്തു വയസുകാരി അമ്മ എന്ന നിധി കണ്ട് പിടിക്കുമോ.......? ഇനി എന്താവും. വഴിയിൽ വച്ചു എന്ത് നടന്നു?

വഴിയേ കാണാം..........!

ഇതാണ് അമ്മ എന്ന അമൂല്യ നിധിയെ തേടുന്ന ഒരു പത്തുവയസുകാരിയുടെ കഥ.






Gentle breeze, soothing my hair
Rain drops splashing over my face
Fragrant alstonia blowin the air
Eyes wide opened, in my pace.

Neither in days, nor during nights
I left without pleading my cure
More days left emptied of rights
World around here heals me, sure.

Along my journey of being in love
Did thee see me as am whole?
Look down, and you see me above
Upon the heavenly mountain of soul.


I felt it through my decades
Peace floating upon this land
Crystals aerated far from cascades
Relief in mind, unless of a hand.

Starry nights and glowing moon
Reflecting beauty wherever my eyes seek
Treasure or trash, later or soon
Will they remain forever as we peek?



Dilfa Noor EC
(Plus one Science)

# THE VOICE



**FATHIMA HENNA AK**
**10K**

In the Early morning Birds start chirpping. Lights of the sun get inside her room. Mama is shouting from the ground floor. Lilly.. Lilly... What are doing there it 9:00 clock.

"Don't you have practice today, wake up otherwise I will come there"
Suddenly Lily opened her beautiful Blue Eyes, woke up from the bed. She shout back
"mama I already started to bath"
"Oh! then great" mama replied.
Lily gets up so fast and rushed to bathroom. She started to sing under the shower. All the water drops start dancing and the little piece of Sunlight through the small window of bathroom gazed the day at her amazingly. It was a melodious voice. Lily is great singer. she used to get prices for singing. After bathing she put her uniform and run forward the stairs.

All her activities done with a melodious voice. her role model was her mother, she was a Baker who own two bakery's in Yanan village. Her father dead years ago approximately when she was two. The bold between Lily and her mother is beyond our imagination. Lily Russian to kitchen and eat to pancake and drink a big glass of milk. Varshik her face and give kisses in her mother's red cheeks.

"Mama I am going .. already late" Lily said, "Ok dear take care mama will pick you upon evening okay... Mama replied with a kind voice. Lily replied done mama I will wait for you. And she started to run. Her music school was near her house so she choose walking. After a 5 minutes of walking she get there. After giving attendance she started to practice according to Masters instruction. Lily was going to participate on her Dream show International music competition. Not only her, it was the dream her whole family. Also her villages. She was known to everyone in the village because of her kind behaviour and beautiful voice.



So everyone wish for her victory in this competition. she already got the selection to the program. now she was practising for the finals. After a hectic and great day of practising she come out of the class. There she saw her mother's beautiful smiley face. she automatically forgot all her tension about the finals and hugged her mother Tightly through mamas waist. She asked excitedly to her mama! What is our next destination you promised me that we can go to the beach today!

don't you remember? Yes little muchkin I remember we can go today mother replied with a sweet voice hey.. he.. you are so kind mama. Lily started to jump with excitement. Okay get inside the car we are already late to have finals tomorrow. Would you know about that? Yeah mama you are correct we can go Lily agreed with her mother's statement this set out to the beach after a full day of entertainment and happiness. They back to their home. Lily was sitting in the front seat with tensed face, mother asked what happened Lily? Nothing mama I am a big tensed!...

Lily set "don't worry dear I am sure that you will get the first prize mama is with you I know that you are hard working."

"I know my baby can do everything with your all power". mama replied. "thanks mama you are so great mama!"

# The Unbelivable Curtains



**MOHAMMED SALIH**
**8G**



It was a colourful morning. Abhinav wake up usual. He did his daily routine. But, that day everything did'n go as planned. he never knew but his life was going to turn itself upside down in just a matter of time.

Abhinav boy from a small village in Rajasthan, had a pretty good life. He went to school and Played with his friends. he got everything he wanted. he was never unhappy. that day, was a week and he didn't have school. he wake up and spend the morning playing with his friends. it was at that moment a Storm was a going to destroy the peace in their house.

Abhinav was an only child of to beautiful parents. his father was very rich in their locality. His mother was an ordinary women from a small house. His father loved there family very much. He bought them everything they needed and he cared them more than anything else. But his father had one dark side. the true father which Abhinav more his mother known. He was a leader of a drug Mafia all across Rajasthan. He was that day when abhinav's Mother wake up and you out the harsh truth. She did not want to live with such a person with a bad deed inside she didn't want her son to follow his dad's footsteps.

Later on, She questioned Abhinav's dad and he spit out the whole truth. He only married her and raised Abhinav just to give him the job after him. He wanted to continue giving away lives you fun. while all this happened they were shouting and making hoises.At last Abhinav's dad threatened his mother to keep his secret, if she shaved it he was ready to kill both Abhinav and his mother. She agreed to it. But little did that know, Abhinav was listening everything from the doors. He got scared. He did not what to do. His little heart pumped up million times a minute.

# പെയ്തൊഴിയാതെ നീ



നൈല നസ്‌ലിൻ
7G

പെയ്യുമോ പെരുമഴയിങ്ങനെ
പെയ്തൊഴിയാതെ...
കണ്ണീർച്ചാലു പോലെ-
യാണോ നീ പെയ്തൊഴിയാതേ..
ആകുമോ നീ എൻ-
മനസ്സിനെ ദു:ഖം
പെയ്യുമോ നീയിങ്ങനെ
തോരാതേ....

മുറ്റത്തെ വളപ്പിലെ മുല്ല വിരിഞ്ഞില്ല-
യിന്നലേ പൂത്തില്ല ചെമ്പകവും
എന്തിനേ നിനക്കിത്ര ദു:ഖം ?
പാപമോ ചെയ്തു നീ ഇന്നലകളിൽ?
നിന്റെ ഒരിറ്റ് മണ്ണിൽ വീഴാൻ...
കാത്തിരുന്നു വേനലിൽ
കുഞ്ഞു പൈതങ്ങൾ
നിന്റെ ഒരിറ്റ് മണ്ണിൽ വീഴാൻ..
കാത്തിരുന്നു പൂക്കൾ
പോർക്കളങ്ങൾ പൂക്കളാക്കാൻ
എന്തു പറയാനെന്നറിഞ്ഞുകൂടാ....

വേനലിൽ നീ തരും ആശ്വാസം
പൂങ്കാവിൽ പൂക്കളുടെ സന്തോഷം
വർഷത്തിൽ നിന്റെ ദു:ഖം
ആക്കും സർവ്വതിനേയും ദു:ഖം
പെയ്യുമോ.. പെയ്യുമോ..
നീയിങ്ങനെ തോരാതേ...
ആക്കുമോ സർവ്വതിനേയും ദു:ഖം
പെയ്തൊഴിയാതെ നീ...
പെയ്തൊഴിയാതെ....



ലിറ്റിൽ കൈറ്റ്സ്
എം.എം.ഇ.ടി.എച്ച്.എസ്.എസ്. മേൽമുറി

# വിജയം നുകരാൻ

നിഹ. എൻ.കെ
9I



എൻ ശിരസ്സിൽ ചിറകു മുളക്കും നേരം
പറക്കാനെനിക്കാവതില്ലായിരുന്നു
എങ്കിലും ജീവിതമെന്തെന്നറിയാൻ
പരിശ്രമിച്ചു ഞാൻ,
പറക്കാനായ്..
എന്നെ പറക്കാൻ പഠിപ്പിച്ച അമ്മ
എന്നെ വിട്ടെങ്ങോ വിദൂരത്തായി
ആദ്യ കാൽവെപ്പ് വെച്ചതെയൊള്ളൂ
താഴ്ചയിലോട്ടു മറിഞ്ഞുവീണു ഞാൻ
ആദ്യ കാൽവെപ്പ് തെന്നിയെങ്കിലും
ഊർജ്ജമൊന്നുമേ നിലച്ചു പോയതില്ല
എൻ മിഴികളിൽ ഞാൻ കണ്ട ഇരുട്ടിനെ
തട്ടിമാറ്റി ഞാൻ മുന്നോട്ടുയർന്നു
വീണ്ടും ചിറകു പറത്താൻ ശ്രമിച്ചു
പക്ഷേ, ക്രൂരനാം കാറ്റെന്നെ തള്ളിമാറ്റി
എൻ മിഴികളിൽ മുഴുവനായ് മഞ്ഞുമൂടി
മഞ്ഞു മാറ്റിടാൻ വെളിച്ചമെൻ നേരെ പ്രകാശം പരത്തി
ഉയർന്നു പറക്കാൻ കഴിയുമോ ഇനിയുമെന്ന–
ഇരുണ്ട ചിന്തയിലാണ്ടു ഞാൻ

അന്നേരം ഞാൻ –
തോൽവിയുടെ മലകയറി
പെട്ടെന്നൊരുരുളൻ കല്ലിൽ തട്ടി ,
മലയെന്നെപുറകോട്ടുരുട്ടി വിട്ടു
ജീവിത തിണ്ണയിൽ വന്നിരുന്നു ഞാൻ
മനസ്സിലെ ഇരുട്ടിനെ തട്ടി മാറ്റാൻ
വീണ്ടും ചിറകു വിടർത്താൻ ഉയർന്നു ഞാൻ
ദൈവത്തിൻ മുന്നിൽ കൈകൂപ്പി
ഉയർന്നു പറന്നു ഞാൻ
ആദ്യമായി വിജയത്തിൻ മധുരം നുകർന്നു
അവിടെ നിന്നും ഭൂമിയിലേക്ക് നോക്കി ഞാൻ
എന്തു നിസാരമായിരുന്നെൻ പരിശ്രമങ്ങൾ...!

# STEPS TO EVIL



**MOHAMMED SALIH**
**8G**



Nowadays, world, the drugs are skyrocketing. times people average age more have familiar with in the new many people be influencers media started This caused youths and to discover Now with

In the new popularity of

In the early above an of 20 or been drugs. But generation who used to in social using it, many teenagers drugs. students spending excessive time on social media, they got the curiosity to try them out.And in a short time drugs become trending among the students. Many drug dealers appointed students as their agents to make it more popular.

But, in the subject of students the side effects are way more than others. Many students who are addicted to drugs comes from poor families and kids who can't make money themselves. This causes them to do many bad habits like stealing etc... These also affect their family and parents both physically and mentally. They also start to hurt themselves and others. Basically, they have a whole life in front of them which gets destroyed by a drug.

As students, we together should rise our voice and tell we will not waste our life on drugs. But saying this won't make a change. we live in a cruel world where reality hurts. Many innocent students who were smart was captured by this 'DRUG TRAP' we need to let our actions do the talking instead of our mouth for this one.

The role of us is simple, we as students have many friends coming from different backgrounds, they might be our best friends but we won't really know them truly and what they are going through wether it's physically or mentally. Students undergo many life problems and in this social media age, the best medicine they found for it was drugs.

So what we should do is never let our friends slide away, we are the ones that should keep them safe. If anybody shares you anything with is dangerous, report it even if they are your close friends or relatives.

During excessive misuse of social media, we should try to stay away from it as well. No matter how hard we fall we should get up. Avoiding contact with random people excessivly will help against drugs

We play a huge role against drugs, young minded actions and voices often makes a huge difference in this modern world. We should try to stand together and be strong rather than being weak mentally, because they often fall for drugs. that's why we should hold our friends together and not just physically but also mentally. We should aware our family members or those who are in our society to leave from the drug trap because, they might be illiterate. But we are students who study from schools and have enough knowledge to stay away from drugs.

Focusing on our dreams and following our passion helps us to stay away from bad habits, not only focusing on ourselves but our friends, family members and others.we should make use of the maximum knowledge. We have gathered against drugs. don't forget 'ONE STUDENT, ONE TEACHER, ONE PEN AND ONE BOOK' can change the world.

# ഇതളറ്റ പുഷ്പം





ഫാത്തിമ സഹ്‌ല
10H

"ഉമ്മാ ഞാൻ പോകുവാണേ.. ഇനിയും വൈകിയാൽ സാർ ചീത്ത പറയും ട്ടോ... ഇവിടെ മേശമേൽ ഗുളിക വെച്ചിട്ടുണ്ട്. സമയമാകുമ്പോൾ എടുത്തു കുടിച്ചേക്കണേ"...

ഫാത്തിമയുടെ ആ ധൃതിയോടെ അക്ഷരങ്ങൾ കൂട്ടിയോജിപ്പിച്ചുള്ള ആ മൊഴി കേട്ട് അകത്തളത്തിൽ ചിതലരിച്ചു തുടങ്ങിയ തേക്കിന്റെ തടി കൊണ്ടുണ്ടാക്കിയ കട്ടിലിലേക്ക് ആമിനുമ്മ ഒരു നെടുവീർപ്പിട്ട് ചാഞ്ഞു. കണ്ണിൽനിന്ന് കാഴ്ച മറയും വിധത്തിൽ, കണ്ണുനീർ മുത്തുകൾ വാർദ്ധക്യം തുളുമ്പുന്ന, ചുളിഞ്ഞുണങ്ങിയ ആ കവിളിലൂടെ ധാര ധാരയായൊഴുകുന്നുണ്ടായിരുന്നു. എന്തിനാണെന്നില്ലാതെ... എപ്പോൾ തീരും എന്നറിയാതെ.........

"സാർ"

എന്ന് അവളുടെ കിതപ്പോടെയുള്ള പതിഞ്ഞ ശബ്ദത്തിന് മറുപടിയായത് കോപം കൊണ്ട് തുളുമ്പുന്ന ഒരു മുഖം ആയിരുന്നു. എന്നത്തേയും പോലെ അവൾക്ക് അത് നേരിടേണ്ടി വന്നു.

" എന്താ ഫാത്തിമ? നിനക്ക് പറഞ്ഞാൽ തീരെ മനസ്സിലാവില്ലെ? എന്നും നിന്റെ പതിവ് തെറ്റിക്കും എന്നു വിചാരിച്ചിരിക്കുന്ന എന്നോടുള്ള ധിക്കാരം കൊണ്ടാണ് നിന്റെയീ വൈകി വരവ്. എത്രകാലമായി നിന്നോട് പറയുന്നു. എന്നെങ്കിലും ഒന്ന് നേരത്തെ വരുമോ നീ? കാണാൻ വേണ്ടിയാ.

' സോറി സർ '



ലിറ്റിൽ കൈറ്റ്സ്
എം.എം.ഇ.ടി.എച്ച്.എസ്.എസ്. മേൽമുറി

ആ മുഖം കുനിഞ്ഞായിരുന്നു ഉണ്ടായിരുന്നത്. എന്തോ അലിവ് തോന്നിയത് കൊണ്ടായിരിക്കണം.. അല്പമെങ്കിലും ദയ , മറഞ്ഞുപോയ അച്ഛന്റെ വാക്കുകൾ ഓർത്തതു കൊണ്ടായിരിക്കണം. അദ്ദേഹം പോയി പണി തുടങ്ങാൻ ആരംഭിച്ചു. തിരിഞ്ഞു നടന്ന ഫാത്തിമയുടെ മുഖം കണ്ട് മൗലിയിലെ പ്രിയ കൂട്ടുകാരിയായ ഡെയ്സി ചോദിച്ചു:

ഇന്ന് വഴക്ക് കിട്ടിയില്ലേ?

'ഉം' എന്ന മൂളലിൽ അവസാനിപ്പിക്കുമ്പോൾ ആ കൈകൾ തന്റെ തോളത്ത് രണ്ടുവട്ടം അമർന്നെത്തും "സാരല്യ അത് കാര്യാക്കണ്ടാന്നും പറയുന്നത് അവൾ കേട്ടു... പണിയിൽ മുഴുകുകയായിരുന്നു പിന്നീട്. കുറച്ചധികം തിരക്കുള്ള വലിയ ഷോപ്പ് ആയതുകൊണ്ട് തിരക്കോട് തിരക്കാണ് അവൾക്കെങ്കിലും സമാശ്വാസ സമയത്ത് ഒരല്പം നേരം അവൾക്കിരിക്കാൻ കഴിഞ്ഞു. തന്റെ കഴിഞ്ഞ കാലത്തിൽ ഉരുകിപ്പോകുന്ന മനസ്സിലേക്ക് ആദ്യം കടന്നുവന്നത് തന്റെ കൊച്ചു കുടുംബമാണ്.... എത്ര സന്തോഷമായിരുന്നു..

നാടിന്റെ ഐശ്വര്യമായിരുന്ന ആ തറവാട് , ആ തറവാട്ടിലെ ഇളയ പുത്രിയും സുന്ദരിയുമായ ആമിനുമ്മയാണ്... അവളുടെ ഉമ്മ ഉപ്പാനെ കണ്ടിട്ടില്ല... ഉമ്മ ഗർഭിണിയായിരിക്കെ ഈ ലോകം വിട്ടുപിരിഞ്ഞതാണെന്ന് മാത്രമറിയാം അവൾക്ക് പിന്നീട് തന്റെ രണ്ടാം പിതാവായി വന്നതാണ് മുഹമ്മദ് എന്ന് പറയുന്ന അവളുടെ വാപ്പിച്ചി... വാപ്പിച്ചി ചെറിയ തറവാട്ടിലെ കുട്ടി ആയതുകൊണ്ട് വീട്ടുകാരുടെ എതിർപ്പ് കാരണം തറവാട്ടിൽ നിൽക്കാൻ പറ്റാതെ വരുന്നു. അങ്ങനെ കൊട്ടാരത്തിൽ നിന്ന് കൊച്ചുകുടിലിലേക്ക്... സന്തുഷ്ടമായ കുടുംബം അങ്ങനെ ഫാത്തിമയുടെ പതിനഞ്ചാം വയസ്സിൽ ഒരു കുഞ്ഞനിയനും എത്തി മുഹമ്മദ് സ്വാലിഹ്... കാലങ്ങൾ കഴിഞ്ഞു പോയി!! എങ്കിലും പൊടി തട്ടാത്ത ആ സ്വപ്നം മാത്രം മനസ്സിൽ അവശേഷിച്ചു.' സിവിൽ സർവീസ്'... പഠനത്തിലും പാഠ്യേതര വിഷയങ്ങളിലും മാതാപിതാക്കൾക്ക് അഭിമാനം നൽകിയവൾ!! കാലത്തിന്റെ ചക്രവാളം നീങ്ങുമ്പോൾ അവളിലെ സന്തോഷം കെട്ടടങ്ങാൻ പാകത്തിന് ഒരു സംഭവം തന്നിലേക്കടുക്കുന്നു. അതെ, പാരമ്പര്യതയുടെ കാൻസറിൻ തീച്ചുള പിഞ്ചോമന അനിയനെയും ഉപ്പയെയും പിടികൂടുന്നു. മഹാമാരിയുടെ കൊഞ്ഞനം പോലെ ഉപ്പയുടെ നാല്പതാം ദിനം അനിയന്റെയും മരണം സംഭവിച്ചു... അതെ! വിധി രണ്ടാം പ്രാവശ്യവും ഉമ്മയുടെ ജീവിതം തകർത്തു... ഉമ്മയെ തോൽപ്പിച്ചു കളഞ്ഞു. അതിനെ തുടർന്ന് പാതി തളർന്ന ഉമ്മയും...

അങ്ങിനെയാണ്, ഉപ്പയുടെ കൂട്ടുകാരന്റെ തുണിഷോപ്പിൽ സെയിൽസ് ഗേളായി ജോലിക്ക് പോകുന്നത്. അവർ ക്ഷമിക്കുമായിരുന്നു എത്ര വൈകിയാലും...കുട്ട്യേ എന്ന വിളിയിൽ വേദനകൾ മറക്കുമായിരുന്നു. പക്ഷേ, ആ ആയുസ്സും നീണ്ടു പോയില്ല. മകനായി പിന്നീട് നടത്തിപ്പ്... അതിനുശേഷം രാവിലെ 'കുട്ട്യേ' എന്ന വിളിക്ക് പകരം കാതുകൾ പൊട്ടുന്ന തെറികൾ മാത്രം. അപ്പോഴെല്ലാം അവൾ തന്റെ ഉപ്പയുടെ വാക്കുകൾ ഓർക്കും.. മോളെ... ഒന്നിലും തളരരുത്. ജീവിതം ഇങ്ങനെയൊക്കെയാണ്...

" അല്ലാ.. ഇവിടിരുന്ന് സുഖജീവിതം നയിക്കാമെന്ന് മോള് കരുതിയോ... മഹാറാണി എണീറ്റ് പണി തുടർന്നാലും"

ബോസിന്റെ പരിഹാസ വാക്കുകൾക്ക് മറുപടിയായി തലകുനിച്ചുകൊണ്ട് അവൾ പണി തുടർന്നു... അവൾ തന്റെ മനസ്സിനെ സ്വയം ആശ്വസിപ്പിക്കാൻ ശ്രമിച്ചു പണിയിൽ മുഴുകി...മടക്കി വെക്കലും വേണ്ടത് എടുക്കലും അങ്ങനെയങ്ങനെ...

അവളുടെ ഡ്യൂട്ടി ടൈം അവസാനിച്ചപ്പോൾ തന്റെ ലതർ ബാഗും എടുത്ത് അടുത്ത് കണ്ട

ഓട്ടോയിൽ കയറി അഡ്രസ് പറഞ്ഞു 10 മിനിറ്റ് തികയാതെ അവിടെയെത്തിയപ്പോൾ പണം കൊടുത്ത് ഓട്ടോയെ പറഞ്ഞുവിട്ടു . തിരിച്ചു വരുമ്പോൾ ആ ബോർഡ് വായിച്ചു

"ഗവ: ജില്ലാ ആശുപത്രി"

അവിടന്ന് തിരിച്ച് അവൾ പോരുമ്പോൾ മനസ്സിൽ ഒരായിരം വെമ്പലുകൾ അടിഞ്ഞുകൂടിയിരുന്നു.



" യാ റബ്ബേ... ഉമ്മയില്ലാതെ ഞാൻ എങ്ങനെ ജീവിക്കും... ഉമ്മാക്ക് ഞാൻ ഇല്ലാതെ പറ്റുമോ?"

വീട്ടിലെത്തി ഒന്നും പറയാതെ തിരിച്ചുവന്ന് ഉമ്മാക്ക് മുഖം കാണിച്ച് റൂമിലെത്തി വാതിൽ കുറ്റിയിട്ട് പൊട്ടിക്കരഞ്ഞു. വുളു എടുത്ത് നിസ്കരിച്ച് കൈ ഉയർത്തിയപ്പോൾ ഒരു സമാധാനം.

പണിയിൽ മുഴുകുന്നു... രാത്രി പഠിക്കാൻ ഇരിക്കുന്നു.. ഉമ്മയോട് സംസാരിക്കുന്നു....

അങ്ങനെ കടന്നുപോയി...

പതിവ് ജോലിയിൽ ഫാത്തിമ തലകറങ്ങി വീഴുന്നു... ബോസിന്റെ അടുത്ത് എത്തിയ വാർത്ത കേൾക്കേ ഇരിപ്പിടത്തിൽനിന്ന് ചാടി എണീറ്റ് വണ്ടി റെഡിയാക്കി ഹോസ്പിറ്റലിലേക്ക് ചീറി പാഞ്ഞു...സ്ട്രക്ച്ചറിൽ തീയേറ്ററിലേക്ക് കൊണ്ടുപോകുന്ന അവളെ കണ്ട് ആ മനസ്സ് ഒന്ന് പിടഞ്ഞുവോ? അറിയില്ല...

കാത്തിരിപ്പിന്റെ അവസാനം ഡോക്ടറുടെ ആ വാക്കുകൾക്കു മുന്നിൽ അദ്ദേഹം ചാടിയെണീറ്റ് അലറി... നോ.......

താൻ ചീത്ത പറഞ്ഞതെല്ലാം അവളിൽനിന്ന് ഒരു കുത്ത് പോലെ തറച്ചു.....

അതെ,......

അവൾ യാത്രയായി........

ആമിനയുടെ വീട്ടിൽ ഒരു പന്തൽ ഉയർന്നു.... അകത്തളത്തിൽ ഖുർആൻ ആയതിന്റെ ഒലികൾ ഉയരുന്നു.... അവൾ ഇനി ഒറ്റയ്ക്ക്.... അവളുടെ ചികിത്സക്കായി ഡോക്ടർ അടുത്ത് വന്നു . എന്തിനാ മോളെ ? പണിയെടുക്കാൻ വീണ്ടും പോയത്....ഡോക്ടർ പറഞ്ഞതല്ലേ... റെസ്റ്റ് എടുക്കാൻ...എന്ന ഗദ്ഗദ മൊഴിയിൽ അവിടെ ഒരു പൊട്ടിക്കരച്ചിൽ കാരണമായി......

അവൾ ഇനി ഏകാന്ത വാസത്തിലേക്ക്...
കാലങ്ങളുടെ കുത്തൊഴുക്കിൽ ഫാത്തിമയ്ക്ക് പലതും സംഭവിച്ചു . ഇന്ന് യു.പി.എസ്.സി റിസൾട്ട് വന്നപ്പോൾ അവളുടെ പേര് തെളിഞ്ഞു കാൺകെ ആമിന ആ വൃദ്ധാസദനത്തിന്റെ മൂലയിൽ ഇരുന്നു കണ്ണുനീർ വാർത്തു....
അത് കണ്ട സിസ്റ്റേഴ്സ് തമ്മിൽ പറഞ്ഞു ആ ചിറകറ്റ ശലഭമായിരുന്നല്ലേ അത് ... ഇതളറ്റ പുഷ്പം പോലെ അവൾ പറന്നല്ലോ...
പിന്നീട് അവളുടെ യു. പി സ്കൂളിൽ ഒരു പന്തലുയർന്നു....
മുഖ്യമന്ത്രിയുടെ ഉദ്ഘാടന പ്രസംഗത്തിൽ പലരും ശ്രദ്ധിച്ചു കണ്ണുനീരിൽ കുതിർന്ന സ്വപ്നങ്ങൾ ബാക്കി വെച്ചിട്ടാണ് അവൾ യാത്രയായതെങ്കിലും അവളുടെ സ്വപ്നം അവളുടെ കാലശേഷം സാഫല്യമായിരിക്കുന്നു ...
അതെ , അവളെ ഓർക്കാൻ കൂട്ടുകാരികൾ നടത്തിയ പരിപാടി...ആ വേലിക്കെട്ട് മൺമറഞ്ഞു പോയാലും തകരില്ല എന്ന ഉറപ്പോടെ....

"ഇതളറ്റ പുഷ്പം എന്നായിരുന്നു അതിന് കുറിച്ച പേര്
അതെ....
ഇതളറ്റ പുഷപം



# വിലമതിക്കാനാവാത്ത അമൃതം

**ഫാത്തിമ റിൻഷ. എൻ.കെ**
**7G**

നേരം പുലർച്ചെ അഞ്ച് മണി. പീരങ്കികളുടെയും ബോംബുകളുടെയുംചിന്നി ചിതറുന്ന ശബ്ദം കേട്ടിട്ടാണ് മേരി എന്നും ഉണരാറുള്ളത്. ഇന്നും അങ്ങനെത്തന്നെയാണ് അവൾ നിദ്രയിൽ നിന്ന് മിഴികൾ തുറന്നത്. കണ്ണ് തുറന്നുയുടനെ അവൾ അവളുടെ അമ്മയെ പരതി.
അപ്പോഴും ഇസ്റാഈൽ യുദ്ധഭൂമിയിയിൽ ആളുകളുടെ അലർച്ചകൾ കൊണ്ട് തിങ്ങിയിരുന്നു.

”അമ്മേ....
അമ്മാ....നിങ്ങളെവിടെയാ....”കുറേ നേരം അന്വേഷിച്ചിട്ടും അവളുടെ അമ്മയെ കണ്ടെത്താനായില്ല. കുറേ അപ്പുറത്ത് അതാ ഇസ്റാഈൽ നിയമപാലകർ ഒരുസ്ത്രീയെ തടങ്കലിലാക്കിയിരിക്കുന്നു. അവൾ അങ്ങോട്ട് നടന്നു. തന്റെ അമ്മയെയാണോ അവർ വെച്ചതെന്ന് അവളുടെ മനസ്സ് പറഞ്ഞു. അവിടെ എത്തിയപ്പോൾ എങ്ങോട്ടെന്ന് നിയമപാലകർ കൈ കൊണ്ട് ആംഗ്യ ഭാഷയിൽ ചോദിച്ചു. തന്റെ അമ്മയെ കാണാനില്ലെന്നും അവരെ തിരഞ്ഞിറങ്ങിയതാണെന്നും അവൾ അവരോട് താഴ്മയോടെ പറഞ്ഞു.

അപ്പോൾ അതാ.... അവളുടെ അമ്മ കല്യാണി അവരിൽ തന്നെ പ്രമുഖനായ സേനാധിപതി വിക്രം ശാൻ എന്നയാളുടെ അടിമപ്പണി ചെയ്യുന്നു. അവൾ അമ്മേ.... എന്ന് ആർത്ത് വിളിച്ചു. അവളുടെ ശല്യം സഹിക്കാനാകാതെ പട്ടാളക്കാർ അവളെ ഒരുപാട് ഉപദ്രവിച്ചു. ചുട്ടു പഴുത്ത ഇരുമ്പ് കമ്പി അവളുടെ ദേഹത്തേക്ക് ഒരു കാരുണ്യവുമില്ലാതെ പതിപ്പിച്ചു.

ഇത് കണ്ട അവളുടെ അമ്മ അരിശത്തോടെ ഇസ്റാഈലിന്റെയും ഫലസ്തീനിന്റെയും അതിര് കടന്നു വന്ന് ഇരുമ്പ് കമ്പിയെടുത്ത് അവിടെയുള്ള മുഴുവൻ പട്ടാളക്കാരെയും മേലിലും മുഖത്തും വെച്ച് പഴുപ്പിച്ചെടുത്തു. കുഞ്ഞിനെ ഉപദ്രവിച്ചതിന് ഒരു സിംഹം ഗർജിക്കുന്നത് പോലെയുള്ള അവളുടെ മുഖഭാവവും ശക്തിയും മനോധൈര്യവും കണ്ട് പട്ടാളക്കാർ കോരിത്തരിച്ചു പോയി. പക്ഷേ, അവർ മടിച്ചു നിൽക്കാതെ തോക്കെടുത്ത് അവൾക്ക് നേരെ നീട്ടി. തുരുതുരാ...





വെടിയുണ്ടകൾ അവളുടെ നെഞ്ചിലേക്കും തലയിലേക്കും കൊണ്ടു. ഇത് കണ്ട മറ്റുള്ള ജനങ്ങൾ പേടിയോടെ മിണ്ടാതെ നിന്നു. മേരിക്ക് ഇത് വിശ്വസിക്കാനായില്ല. തന്റെ ജീവനേക്കാൾ വിലമതിക്കാനാവാത്ത ഒരു ജീവനാണ് അവിടെ അറ്റ്കിടക്കുന്നത്. അച്ഛനില്ലാത്ത മേരിക്ക് ആകെ ഉണ്ടായിരുന്നത് അവളുടെ അമ്മയാണ്. ആ പ്രതീക്ഷയും കൈവിട്ടപ്പോൾ അവളുടെ മനസ്സ് തകർന്നു. മാനസിക നിലതെറ്റി.

ഇന്ത്യൻ ആർമിയിൽ ആയിരുന്ന അവളുടെ അച്ഛൻ ഒരു യുദ്ധത്തിൽ കൊല്ലപ്പെട്ടു. ഒരു നിവൃത്തിയും ഇല്ലാതായപ്പോഴാണ് അവർ എങ്ങോട്ടെന്നില്ലാതെ ഇറങ്ങി പുറപ്പെട്ടത്. അവസാനം അവളുടെ ഗതി ഇങ്ങനെയായി. ഒരു നിവൃത്തിയും ഇല്ലാതെയവൾ അവസാനം അവിടെയുണ്ടായിരുന്ന തന്റെ അമ്മയെ വെടിവെച്ച ബാക്കി ബുള്ളറ്റുകൾ കൊണ്ട് സ്വയം വെടിവെച്ച് ആത്മഹത്യ ചെയ്തു.

# കരുത്ത് നഷ്ടപ്പെടുന്നു



അൻഫിയ
10G

ലോകത്ത് മനുഷ്യനെ ഉറപ്പിച്ചു നിർത്തുന്ന വേരുകളാണ് ബന്ധങ്ങൾ. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കുടുംബ ബന്ധങ്ങൾ ആണെന്നുള്ളത് ഒരു സത്യമാണ്. കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം എന്ന് ഒരു സംസാരമുണ്ട്. അത് വളരെ ശരിയായ ഒരു കാര്യവുമാണ്. നമുക്ക് നമ്മളായി തന്നെ പെരുമാറാൻ കഴിയുന്ന ഒരേയൊരു ഇടമാണ് നമ്മുടെ കുടുംബം. അതിനു കാരണം കുടുംബാങ്ങൾക്കിടയിൽ സ്നേഹമാണ് വിശ്വാസമാണ്. എന്നാൽ ഇക്കാലത്ത് കുടുംബ ബന്ധങ്ങളുടെ ആഴം എത്രത്തോളം ആണെന്ന് പരിശോധിച്ചാൽ താരതമ്യേനെ കുറവ് തന്നെയാണെന്ന് കാണാം. പ്രധാന കാരണമാകുന്നത് അണു കുടുംബജീവിതം തന്നെയാണ്. എല്ലാവരും ഒന്നിച്ച് ഒരു വീട്ടിൽ താമസിക്കുമ്പോഴാണ് ബന്ധങ്ങൾ ആഴമുള്ളതാവുന്നത്.

മുൻപ് കുടുംബാംഗങ്ങൾ എല്ലാവരും ഒന്നിച്ച് ഒരു വീട്ടിൽ താമസിച്ചിരുന്നു. അന്ന് എല്ലാവരും തങ്ങളുടെ സന്തോഷങ്ങളും സങ്കടങ്ങളും പരിഭവങ്ങളും എല്ലാം വീട്ടിലെ മറ്റുള്ളവരുമായി പങ്കുവെച്ചിരുന്നു. അതിനാൽ അന്നത്തെ ബന്ധങ്ങൾ കൂടുതൽ കരുത്തുള്ളതായിരുന്നു. സഹോദരങ്ങൾക്കിടയിലും ശത്രുത എന്ന ഒന്ന് ഉണ്ടായിരുന്നില്ല. ഒരിക്കൽപോലും സ്വന്തം മാതാപിതാക്കളെ നോവിക്കണമെന്നോ അവർക്കെതിരെ പ്രവർത്തിക്കണമെന്നോ ആരും ചിന്തിച്ചിരുന്നില്ല. ദുഃഖങ്ങളെല്ലാം പങ്കുവെച്ച് ആശ്വസിപ്പിക്കാൻ ആർക്കും ഒരാളെ കണ്ടെത്താൻ പ്രയാസം ഉണ്ടായിരുന്നില്ല. കാരണം കൂട്ടുകുടുംബം അല്ലേ, നമ്മൾ പറയുന്നത് കേൾക്കാൻ വീട്ടിൽ തന്നെ ഒരുപാട് പേരുണ്ടായിരുന്നു. കുട്ടികൾക്ക് കളിക്കാൻ വീട്ടിൽ തന്നെ ആരെങ്കിലുമൊക്കെ ആയിട്ട് ആളുകൾ ഉണ്ടായിരുന്നു. കഷ്ടപ്പാടുകളിൽ സാന്ത്വനമാവാനും തണലാവാനും ഒരുപാട് പേരുണ്ടായിരുന്നു.

ഇന്ന് കൂട്ടുകുടുംബം എന്നത് വിരളമാണ്. എല്ലാവരും അണു കുടുംബജീവിതത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. പലരും കൂട്ടുകുടുംബത്തിൽ ജീവിക്കുന്നത് ഒരു കുറച്ചിലായി കാണുന്നു. എന്നാൽ കൂട്ടുകുടുംബത്തിന് ഒരുപാട് മെച്ചങ്ങൾ ഉണ്ടെന്ന് പുതുതലമുറ തിരിച്ചറിയേണ്ടതായുണ്ട്. അണു കുടുംബ ജീവിതത്തിനും നേട്ടങ്ങൾ ഉണ്ടായിരിക്കും. പക്ഷേ സന്തോഷത്തോടെയും സമാധാനത്തോടെയും ജീവിക്കണമെങ്കിൽ കൂട്ടുകുടുംബമാണ് ഉത്തമം. കാരണം മാനസികമായും മറ്റും നമ്മൾ പിരിമുറുക്കത്തിൽ ആണെങ്കിൽ നമുക്ക് തണലാവാൻ ഒരുപാട് പേരുണ്ടാകും. അച്ഛനും അമ്മയും അവരുടെ മക്കളുമായി ജീവിക്കുന്നതിനിടയിൽ വിവാഹം കഴിഞ്ഞാൽ മക്കൾ പുതിയ വീട് വെച്ച് മാതാപിതാക്കളെയും സഹോദരങ്ങളേയും വിട്ട് ജീവിക്കാനായി തുടങ്ങുന്നു. അത്രയും നാൾ താമസിച്ച വീട് ആണെന്നും അവിടെയുള്ളത് സ്വന്തം രക്തബന്ധങ്ങൾ

ആണെന്നും പോലും പലരും പിന്നീട് ഓർക്കാതെയാവുന്നു. ഇതിന് ഇവർക്ക് കുട്ടികൾ ഉണ്ടായി അവരുടെ വിവാഹ ശേഷവും ഇതുതന്നെ തുടരുന്നു. ഇത് ഇക്കാലത്ത് തലമുറകൾ ആയി തുടർന്നു വന്നുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. വിവാഹശേഷമാണ് ഈ മാറ്റങ്ങൾ പലരിലും വരുന്നത്. വിവാഹശേഷം പുതിയ ഒരു വീട് വയ്ക്കൽ ഇന്ന് ഒരു ചടങ്ങ് ആയി മാറുന്നു. വീട് വെച്ച് താമസിക്കുന്നത് എല്ലാം നല്ലതുതന്നെ പക്ഷേ ബന്ധങ്ങൾ പഴയപോലെ നിലനിർത്താൻ ആകുമെങ്കിൽ മാത്രം.

പുതിയ തലമുറയ്ക്ക് ഇനിയും മനസ്സിലാവാത്ത ഒന്നാണ് വീടുകൾ മാറുമ്പോൾ ബന്ധങ്ങളും മാറുന്നുണ്ടെന്ന്. അണു കുടുംബജീവിതം നയിക്കുമ്പോൾ ബന്ധങ്ങൾ മരിക്കുകയാണെന്നത് യാഥാർത്ഥ്യം തന്നെയാണ്. അതിന് ആരൊക്കെ ന്യായീകരിക്കാൻ ശ്രമിച്ചാലും സത്യം സത്യമല്ലാതെ ആവുന്നില്ല. ഒറ്റപ്പെട്ടു താമസിക്കുമ്പോൾ കഷ്ടപ്പാടുകൾ പങ്കുവെക്കാനും കഷ്ടപ്പാടുകളിൽ താങ്ങും തണലുമാവാനും ഒരാളില്ലാതാകുന്നു. മാനസിക സംഘർഷങ്ങളിൽ അകപ്പെട്ട് ആത്മഹത്യയ്ക്ക് ശ്രമിക്കുന്ന ഒരുപാട് പേരെ നാമിന്ന് കാണുന്നു. അവരുടെ പ്രശ്നങ്ങൾ കേൾക്കാൻ ആരെങ്കിലുമൊക്കെ ഉണ്ടായിരുന്നുവെങ്കിൽ ഒരുപക്ഷേ അവരിൽ പലരുടെയും ജീവൻ ഇന്നും നിലനിന്നേനെ. കൂട്ടുകുടുംബം ആണെങ്കിൽ ഒറ്റപ്പെടൽ എന്ന ഒന്ന് ആർക്കും അനുഭവിക്കേണ്ടി വരില്ലായിരുന്നു. അതുകൊണ്ടുതന്നെ അണുകുടുംബം എന്ന ചിന്തവെടിഞ്ഞ് എല്ലാവരും കൂട്ടുകുടുംബ ജീവിതത്തിലേക്ക് പോകാൻ ശ്രമിക്കണം. കരുത്ത് നഷ്ടപ്പെട്ട ബന്ധങ്ങളെ കൂടുതൽ കരുത്തുള്ളതാക്കണം. കുടുംബബന്ധങ്ങളെ ആഴമേറിയതാക്കുന്നതിലൂടെ ഒരുപാട് പേരുടെ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമാകുന്നു.




കൈറ്റ് മാസ്റ്റർ


കൈറ്റ് മിസ്ട്രസ്

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

## Batch 2021-24



## Batch 2022-25



## Batch 2023-26




SSLC RESULT 2023
FULL A+
Little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ.ടി.ക്ലബ്ബ്
നമ്പർ:LK/2018/18133
എം.എം.ഇ.ടി. ഹയർ സെക്കണ്ടറി സ്കൂൾ
മേൽമുറി - മലപ്പുറം
0483 2731320
നേടിയ ലിററിൽ കൈററ്സ് അംഗങ്ങൾ
DILFA NOOR. EC
RUSHAIBA. NK
RIFA NOORIN. P
RIDA NOORIN. P
FATHIMA FIDA. M
FATHIMA HIBA. P
FATHIMA SANHA. OR
FATHIMA HAMNA. P
NAJIYA. N
ANZILA MARIYAM. P
HANEENA. M
FAHMIDHA. R
FATHIMA HINA. K
FATHIMA SHAHMA.PN
FATHIMA MIRZA. M
FATHIMA LINSHA. M
HAMNA SHERIN. P
MUHAMMED RABEEH
MOHAMMED MIDLAJ
YOOSUF ZAHEER. M
SABITH. PK
PARTHIV. P




























MMET HIGHER SECONDARY
SCHOOL MELMURI










M.M.E.T. DURBAR
















IT
CORNER













നിർമ്മിതം
ഡിജിറ്റൽ മാഗസിൻ 24




SSLC
100% വിജയം
Full A+
107
9 A+
46
USS വിജയികൾ
10
NMMSE വിജയികൾ
9
രാജ്യപുരസ്കാർ
9
PLUS TWO
Full A+
26